ഭവിക്കുന്നതും, വനഭൂമിയിൽ കൃഷിചെയ്തു ജീവിക്കുന്നതുമായ ആളുകളെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റ് ചോദിച്ചിരുന്നു. റവന്യൂ ഡിപ്പാർട്ടുമെന്റും, വനം വകുപ്പും കൂടി ചേർന്ന് അതിന്റെ ജോയിന്റ് വെരിഫിക്കേഷൻ റിപ്പോർട്ട് കേന്ദ്രത്തിന് സമർപ്പിച്ചിരിക്കുകയാണ്. ആ റിപ്പോർട്ട് കേന്ദ്രത്തിന്റെ പരിഗണനയിലാണ്. കേന്ദ്രത്തിന്റെ അനുവാദം കിട്ടി. ഭൂമി റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക് കൈമാറിയാൽ ഉടനെത്തന്നെ പട്ടയങ്ങൾ കൊടുക്കുന്നതാണ്.

(27) തിരുവനന്തപുരം റബ്ബർ വർക്ക്സ് കെ. എസ്. ആർ. ടി. സി. യിൽ ലയിപ്പിക്കണമെന്നയാവശ്യം

ശ്രീ. പി. ജെ. തങ്കപ്പൻ: സർ, തിരുവനന്തപുരം റബ്ബർ വർക്ക്സിന്റെ ഭരണം 1984 ജനുവരി മാസം 19-ാം തീയതിയാണ് കെ. എസ്. ആർ. ടി. സി. ഏറ്റെടുത്തത്. എന്നിട്ട് 10% പേർക്ക് പോലും തൊഴിൽ നൽകാൻ കഴിഞ്ഞിട്ടില്ല. കെ. എസ്. ആർ ടി. സി.ക്ക് വേണ്ടി ബസ്-ബോഡി നിർമ്മിക്കാൻ കഴിയുന്ന വിദഗ്ദ്ധരായ തൊഴിലാളികളും ഉണ്ട്. റബ്ബർ വർക്ക്സിൽ ലാഭകരമായി ബോഡി നിർമ്മിക്കാം എന്ന് തെളിയിച്ചിട്ടും ബോഡി ബിൽഡിംഗ് യൂണിറ്റ് ഇന്ന് പ്രവർത്തിക്കുന്നില്ല. കെ. എസ്. ആർ. ടി. സി. യിൽ ആവശ്യമുള്ള എല്ലാ റബ്ബർ ഉൽപ്പന്നങ്ങളും ലാഭകരമായി ഉൽപ്പാദിപ്പിക്കാൻ കഴിയുമെങ്കിലും റബ്ബർ ഉൽപ്പന്നങ്ങൾ റബ്ബർ വർക്ക്സിൽ ഉല്പാദിപ്പിക്കാതെ കെ. എസ്. ആർ. ടി. സി. കുത്തക കമ്പനികളിൽനിന്നും വാങ്ങുന്നു. കെ. എസ്. ആർ. ടി. സി. യിൽ റബ്ബർ വർക്ക്സിനെ ലയിപ്പിക്കാൻ കഴിയും. അതുമൂലം കെ. എസ്. ആർ. ടി. സി. ക്ക് പ്രയോജനമുണ്ടാകുകയും ചെയ്യും. അതുകൊണ്ട് റബ്ബർ വർക്ക്സിനെ കെ. എസ്. ആർ. ടി. സി. യിൽ ലയിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതൊക്കെ ശരിയാണ്. തിരുവനന്തപുരം റബ്ബർ വർക്ക്സ് ഓരോ വർഷവും 100 ലക്ഷം രൂപ മുതൽ 120 ലക്ഷം രൂപവരെ നഷ്ടത്തിൽ ഓടുന്ന ഒരു സ്ഥാപനമാണ്. ഇത്ര കൂടുതൽ നഷ്ടത്തിൽ ഓടുന്ന ഒരു സ്ഥാപനം കെ. എസ്. ആർ. ടി. സി. ഏറ്റെടുക്കണമോ, വേണ്ടയോ എന്നത് സംബന്ധിച്ചും തിരുവനന്തപുരം റബ്ബർ വർക്ക്സ് എങ്ങനെ മെച്ചപ്പെട്ട രീതിയിൽ നടത്തിക്കൊണ്ടുപോകാം എന്നതിനെ സംബന്ധിച്ചും വിശദമായ ഒരു വിദഗ്ദ്ധ അന്വേഷണ റിപ്പോർട്ട് ക്യാബിനറ്റിന്റെ പരിഗണനയിലുണ്ട്. അത് അന്തിമമായ തീരുമാനമെടുക്കാൻ ഇരിക്കുകയാണ്.

(28) കിളിമാനൂർ നിയോജകമണ്ഡലത്തിലെ സി. എൻ. പി. എസ്. എൽ.പി. സ്കൂളിനു കെട്ടിടം

ശ്രീമതി ഗൗരിഭായി തങ്കപ്പൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ മടവൂർ ഗവൺമെന്റ് സി. എൻ. പി. എസ്. എൽ. പി. സ്കൂളിൽ ഇപ്പോഴും 500 കുട്ടികളും പഠിക്കുന്നുണ്ട്. ഈ സ്കൂൾ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഗ്രാമ പ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. 100 അടി കെട്ടിടം മാത്രമേ ഇപ്പോൾ അവിടെയുള്ളു. 160 അടി കെട്ടിടം കൂടി ഉണ്ടായാലെ ഇത്രയും കുട്ടികൾക്ക് അവിടെയിരുന്നു പഠിക്കാൻ നിർവ്വാഹമുള്ളു. ഈ സർക്കാറിന്റെ തല തിരിഞ്ഞ നയം കൊണ്ട്, കഴിഞ്ഞ സർക്കാർ അവിടെ അനുവദിച്ച സ്കൂൾ കെട്ടിടത്തിന്റെ പണി നിർത്തിവച്ചിരിക്കയാണ്. കഴിഞ്ഞ നാല് നാലര വർഷമായി ഈ സ്കൂളിന് കെട്ടിടം പണിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പി. റ്റി. എ. യും അതു പോലെതന്നെ നാട്ടുകാരും നിരന്തരമായി നിവേദനം നടത്തുകയും സമരം ചെയ്യുകയും ചെയ്തിട്ടുപോലും ഈ പ്രശ്നം പരിഹരിക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിച്ചില്ല. എത്രയും പെട്ടെന്നു തന്നെ സ്കൂളിന്റെ പണി ആരംഭിക്കണമെന്നും, റോഡിന്റെ അരികിൽ സ്ഥിതി ചെയ്യുന്ന ആ സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി ഒരു കോമ്പൗണ്ട് വാൾ നിർമ്മിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച പണിയൊന്നും ഈ ഗവൺമെന്റ് നിർത്തിവെച്ചില്ലെന്നു മാത്രമല്ല, അത് പൂർത്തിയാക്കുകയും, ധാരാളം സ്കൂളുകൾക്ക് ഈ ഗവൺമെന്റ് വന്ന ശേഷം കെട്ടിടം കെട്ടി കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച സ്ക്കൂളിന് കോമ്പൗണ്ട് വാൾ കെട്ടുന്നതിനുവേണ്ടി 38,000 രൂപയുടെ എസ്റ്റിമേറ്റ് ലഭിച്ചു, അതനുസരിച്ച് തുക അനുമതി കൊടുത്തിട്ടുണ്ട്, അത് ടെണ്ടർ ചെയ്യാനുള്ള ഫർത്തടും ചെയ്തിട്ടുണ്ട്. കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(29) കടുത്തുരുത്തി, ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിലെ സമഗ്ര ശുദ്ധജല വിതരണ പദ്ധതി

ശ്രീ. ഇ. ജെ. ലൂക്കോസ്: സർ, ഏറ്റുമാനൂർ, നീണ്ടൂർ, അതിരംപുഴ, ആർപ്പൂക്കര, കാണക്കാട്, മാഞ്ഞൂർ എന്നീ പഞ്ചായത്തുകൾ കടുത്തുരുത്തി, ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളിലായി സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തുകൾക്കുവേണ്ടി സമഗ്രമായ ശുദ്ധജല വിതരണ പദ്ധതി മീനച്ചലാറിൽ, പട്ടണപ്പാലത്ത് പമ്പ് ചെയ്യത്തക്ക വിധത്തിലുള്ള ഒരു സ്കീം തയ്യാറാക്കിയിട്ടുണ്ട്. 433 ലക്ഷം രൂപയുടെ സ്കീം ആദ്യം തയ്യാറാക്കുകയും, പിന്നെ റിവൈസ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള ഒരു പദ്ധതിക്ക് ആവശ്യമായ അനുമതി കേന്ദ്രത്തിൽ നിന്നും വാങ്ങിക്കൊടുക്കുന്നതിനും, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായ കർഷകരും കർഷകത്തൊഴിലാളികളും അധിവസിക്കുന്ന പാലായിലും, ഏറ്റുമാനൂരും, കടുത്തുരുത്തിയിലും ശുദ്ധജലം ലഭിക്കുന്നതിനു വേണ്ടിയുമുള്ള നടപടി സ്വീകരിക്കണം. കാണക്കാരിയിലും, കടുത്തുരുത്തിയിലും, കുഴൽകിണർ നിർമ്മിച്ച് വേഗം തന്നെ വെള്ളം കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, പാലായിൽ അല്ല എങ്കിൽപ്പോലും ഏറ്റുമാനൂർ, നീണ്ടൂർ, അതിരംപുഴ, ആർപ്പൂക്കര, കാണക്കാട്, മാഞ്ഞൂർ

LIBRARY ARCHIVES Kerala Legislative Assembly